# കേരള സർക്കാർ


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KS.ALP.P-2/1065/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KS.ALP.P-2/1065/2023 തീയ്യതി: 03/10/2023

## ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 21-07-2023 | 31-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-07-2023 | 31-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി സിന്ധ്യ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഫമിൻ എസ്.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.തയ്യിൽ പ്രസന്നകുമാരി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ആർ.ശ്രീരാജ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സജിത.പി.എ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഷൈജു.സി.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ഷീൻ.എൽ.ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.നമിത.എസ് | മെഡിക്കൽ ഓഫീസർ, (ആരോഗ്യം) | 01-04-2022 | 31-03-2023 |
| ഡോ.നിഷ.എൻ.റ്റി | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.വസന്തകുമാരി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ഗീതു | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രദീപ് കുമാർ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രിയങ്ക | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഡോ.കവിത.വി.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 17-04-2022 |
| ഡോ.സിജി സോമരാജൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 18-04-2022 | 31-03-2023 |
| ശ്രീമതി.കൃഷ്ണ.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് കബീർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 09-05-2022 |
| ശ്രീമതി.മഞ്ജു.സി.ഗോപാൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൌണ്ടിംഗ് ചട്ടങ്ങള്‍ പ്രകാരമുള്ള പത്രികകള്‍ ഹാജരാക്കിയില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റര്‍ പരിപാലിക്കുന്നത് മൂല്യാധിഷ്ഠിതമായല്ല | 1-1-2 |
| 4 | രജിസ്റ്ററുകളില്‍ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | മുന്‍ക്കുറുകള്‍ വാര്‍ഷിക കണക്കുകളില്‍ അപ്രകാരം ഉള്‍പ്പെടുത്തുന്നില്ല | 1-1-4 |
| 6 | വെള്ളക്കരം കുടിശ്ശിക | 1-1-5 |
| 7 | വസ്തുനികുതി- ഡിമാന്‍ഡ് ഉത്ഭവസമയത്ത് രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | രജിസ്റ്ററുകള്‍ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം (എസിആര്‍ പ്രകാരം) | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(ക്യാഷ് ബുക്ക് പ്രകാരം) | 1-6 |
| 14 | ക്ഷേമപദ്ധതികള്‍ | 1-7 |
| 15 | ക്യാഷ് വേരിഫിക്കേഷന്‍ | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 17 | ടാക്സ് ഓഡിറ്റ് : തനത് വരുമാനം-വിഭവസമാഹരണത്തില്‍ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-ലഘുഅവലോകനം | 1-10 |
| 18 | എല്ലാ ഉപയോഗക്രമങ്ങള്‍ക്കുമുള്ള വസ്തുനികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയയില്‍ ഉള്‍പ്പെടുത്തിയില്ല | 1-11 |
| 19 | ഫ്യൂവല്‍ സ്റ്റേഷന്റെ കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തിയില്ല | 1-12 |
| 20 | പ്രൊഫഷണലുകള്‍ക്ക് തൊഴില്‍ നികുതി ചുമത്തുന്നില്ല | 1-13 |
| 21 | തൊഴില്‍ നികുതി- ഡിമാന്‍ഡ് പൂര്‍ണ്ണമല്ല | 1-14 |
| 22 | മാവേലി സ്റ്റോര്‍, റേഷന്‍ ഷോപ്പുകള്‍ എന്നീ സ്ഥാപനങ്ങള്‍ ഗ്രാമപഞ്ചായത്തിന്റെ ലൈസന്‍സോടുകൂടിയല്ല പ്രവര്‍ത്തിക്കുന്നത് | 1-15 |
| 23 | നിക്ഷേപ പ്രവൃത്തികള്‍ പൂര്‍ത്തിയാക്കിയില്ല, ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 16.83 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 24 | വെള്ളക്കരമിനത്തില്‍ വന്‍ കുടിശ്ശിക - വിച്ഛേദനത്തിന് പണമടച്ചശേഷവും പൊതുടാപ്പുകള്‍ക്ക് വെള്ളക്കരം ഒടുക്കി | 1-17 |
| 25 | ഹരിത കര്‍മ്മസേനക്ക് ഇലക്ട്രിക്ക് മുച്ചക്രവാഹനം -4.97 ലക്ഷം രൂപയ്ക്ക് | 1-18 |

| | | |
|---|---|---|
| | വാങ്ങിയ വാഹനം ഉപയോഗിക്കുന്നില്ല | |
| 26 | പത്രപ്പരസ്യം - നിർദ്ദിഷ്ട അളവിൽ അധികമായി, നിയമാനുസൃത കിഴിവ് ലഭ്യമാക്കിയില്ല | 1-19 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-20 |
| 28 | പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല | 1-21 |
| 29 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല | 1-21-1 |
| 30 | മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല | 1-22 |
| 31 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-23 |
| 32 | ടേക്ക് എ ബ്രേക്ക് - പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-24 |
| 33 | അങ്കണവാടി നിർമ്മാണം നമ്പർ 92, വാർഡ് 3- പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല-PWD മാനുവൽ പാലിക്കപ്പെടുന്നില്ല | 1-25 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - വിതരണത്തിൽ തുല്യതക്കുള്ള അവകാശം ഉറപ്പുവരുത്താനായില്ല | 1-26 |
| 35 | ഹരിത കർമ്മസേനയുടെ പ്രവർത്തനവും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും | 1-27 |
| 36 | മുൻകൂർ അഡ്ജസ്റ്റ് ചെയ്തിട്ടില്ല -5,000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല | 1-28 |
| 37 | ഫെസ്റ്റിവൽ അഡ്വാൻസ് - 26,000/-രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി - ഓഡിറ്റ് ഇംപാക്റ്റ് | 1-29 |
| 38 | മെൻസ്ട്രുവൽ കപ്പ് വാങ്ങൽ -ഇൻവോയിസ് ലഭ്യമാക്കിയില്ല | 1-30 |
| 39 | അങ്കണവാടി -അവലോകനം | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മുൻകൂർ അഡ്ജസ്റ്റ് ചെയ്തിട്ടില്ല - 5000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215 (4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023-ലെ 1(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം :

തീയതി: സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ ഹാജരാക്കിയില്ല

കേരള പഞ്ചായത്ത് രാജ് അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്ക് ഒപ്പം സമർപ്പിക്കേണ്ട താഴെ പറയുന്ന പത്രികകൾ ഹാജരാക്കിയില്ല.

1) നോട്ട്സ് ഓൺ അക്കൌണ്ട്സ്

2) റേഷ്യോസ് ഓൺ അക്കൗണ്ട്സ്

1-1-2 ആസ്തി രജിസ്റ്റർ പരിപാലിക്കുന്നത് മൂല്യാധിഷ്ഠിതമായല്ല

ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമല്ലാത്തിനാൽ വാർഷികകണക്കുകളുമായി ഒത്തുനോക്കാനാവുന്ന തരത്തിലുള്ളതല്ല.

1-1-3 രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല

വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകളിൽ വരവ് സംബന്ധിക്കുന്ന സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല

I) ILGMS ൽ നിന്നുള്ള വരവ് രേഖപ്പെടുത്തിയാണ് രജിസ്റ്ററുകളിൽ ഡിസിബി തയ്യാറാക്കി ക്ലോസ് ചെയ്തിരിക്കുന്നത്.

Ii) സ്ഥാപനങ്ങളുടെ തൊഴിൽ നികുതി-ഹെഡ് തെറ്റായി നികുതി സ്വീകരിച്ചതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക യഥാർത്ഥമല്ല.

1-1-4 മുൻകൂറുകൾ വാർഷിക കണക്കുകളിൽ അപ്രകാരം ഉൾപ്പെടുത്തുന്നില്ല

നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറുകൾ നൽകുന്നുണ്ടെങ്കിലും മുൻകൂറുകളായി തന്നെ അവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല. പകരം *പേയ്മെന്റ്* എന്ന നിലക്കാണ് അക്കൌണ്ട് ചെയ്യുന്നത്. ആയതിനാൽ പ്രവർത്തിയുടെ നിർവ്വഹണം, തുകയുടെ വിനിയോഗം എന്നിവ നിരീക്ഷിക്കാനാവില്ല. സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനായി ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ ചെലവഴിച്ച് 16,83,264 രൂപ കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ചിരുന്നു. ആയതിന് വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. തുക പേയ്മെന്റ് എന്ന നിലക്കാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആസ്തി രൂപീകരണത്തിനു മുൻപ് ടി മുൻകൂർ തുകയെ ബാധ്യത ഹെഡ്ഡിൽ നിന്നും ഒഴിവാക്കിയത് ക്രമപ്രകാരമല്ല.

1-1-5 വെള്ളക്കരം കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ 31.03.2023-ലെ കണക്കുകൾ പ്രകാരം 1.876 കോടി രൂപ വെള്ളക്കരമിനത്തിൽ കുടിശ്ശികയുണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള ഈ തുക വാർഷിക കണക്കുകളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയില്ല.

1-1-6 വസ്തുനികുതി- ഡിമാൻഡ് ഉത്ഭവസമയത്ത് രേഖപ്പെടുത്തുന്നില്ല

വസ്തുനികുതിയുടെ വരുമാനം സംബന്ധിക്കുന്ന ലെഡ്ജർ പരിശോധിച്ചതിൽ സമയബന്ധിതമായി ഡിമാൻഡ് എൻട്രികളില്ലായെന്ന് കാണുന്നു. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല.

1-1-7 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കുകളിലെ തുകകൾ സംബന്ധിച്ചുള്ള പരിശോധനകൾക്കാവശ്യമായ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1) ലോൺ രജിസ്റ്റർ

2) ACR For Beneficiary Contribution

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ 08.03.2022(II(1) നമ്പർ തീരുമാനം) ൽ അവതരിപ്പിച്ചു. ജനറൽ കമ്മറ്റിയുടെ 23.03.2022-ലെ 1-ാം നമ്പർ തീരുമാനം പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 14,38,40,240 | 14,24,33,440 |
| വാർഷിക കണക്ക് പ്രകാരം | 13,79,09,523 | 13,25,23,676 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 76,30,534 |
| വരവ് | 3,80,14,716 |
| ആകെ | 4,56,45,250 |
| ചെലവ് | 3,70,24,337 |
| നീക്കിയിരിപ്പ് | 86,20,913 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,96,12,896 | 1,96,12,896 | 1,89,34,026 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 36,44,000 | 36,44,000 | 36,44,000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 77,24,000 | 77,24,000 | 68,88,530 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 45,70,000 | 45,70,000 | 41,33,233 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 1274336 | 39,65,760 | 52,40,096 | 51,38,212 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 190459 | 21,10,494 | 23,00,953 | 22,80,941 | 0 |

## 1-5 പദ്ധതി അവലോകനം

2022-23 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കി | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ചത്- |
|---|---|---|---|---|---|---|

| ലഭിച്ചത്(എണ്ണം) | അടങ്കൽ | യത്(എണ്ണം) | ചെലവ് | നടപ്പാക്കിയത്(എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 118 | 7,22,16,621 | 83 | 4,90,53,102 | 19 | 16 | 70.3 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(ക്യാഷ് ബുക്ക് പ്രകാരം)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 163 | 2,146,804 | 21,46,804 | 14,95,037 | 6,51,767 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 5,27,01,912 | 5,27,01,912 | 5,27,01,912 | - |

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല,

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 26 | 17,280 |
| കർഷകതൊഴിലാളി പെൻഷൻ | 946 | 19,29,600 |
| വിധവാപെൻഷൻ | 547 | 91,04,200 |
| വാർദ്ധക്യകാലപെൻഷൻ | 4516 | 1,82,18,800 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 638 | 30,75,600 |
| അവിവാഹിതപെൻഷൻ | 110 | 3,62,200 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2023-ന് 3.25 മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 45,533/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. പുതിയ നിർമിതികളായ എം.സി.എഫ്. കെട്ടിടം, ടേക്ക് എ ബ്രേക്ക്, അങ്കണവാടി കെട്ടിടങ്ങൾ എന്നിവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

4. ആസൂത്രണത്തിലെ അഭാവം കാരണം ടേക്ക് എ ബ്രേക്ക് ഇതേ വരെയും പ്രവർത്തിപ്പിക്കാനായിട്ടില്ല.

5. എം.സി.എഫ്.നായി കെട്ടിടം നിർമ്മിച്ചെങ്കിലും അത് അപര്യാപ്തമാണ്. പ്ലാസ്റ്റിക് ബെയ്ലിംഗ് യൂണിറ്റ്, ഷ്രഡ്ഡിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കാത്തതും പോരായ്മയാണ്.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1-10 ടാക്സ് ഓഡിറ്റ് : തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-ലഘുഅവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു.(കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി ജീവനക്കാർ , വ്യാപാരം വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം.(കേരള പഞ്ചായത്ത് രാജ് നിയമം 204). സിനിമ ഉൾപ്പെടെയുള്ള വിനോദപരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, വിനോദം നൽകുന്ന സ്ഥാപനങ്ങളുടെ ജി.എസ്.ടി. റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്നു വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് ടാക്സ് ഇവേഷനും നികുതി ശോഷണത്തിനും ഇടയാക്കുന്നു. നികുതി നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) പുതിയ തനതുവരുമാന മേഖലകൾ :

പുതിയ തനതുവരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച്, നിലവിലുണ്ടായിരുന്ന കടമുറികൾ ഓഫീസ് വികസനത്തിന് വേണ്ടി ഒഴിപ്പിച്ചതിനാൽ വാടകവരുമാനം പൂർണ്ണമായി നിലച്ചു.

പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ/ പഞ്ചായത്തിന്റെ നികുതി സംബന്ധിക്കുന്ന വിവരഅടിത്തറയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ എന്നിവ സംബന്ധിക്കുന്ന ചർച്ചകൾ ധനകാര്യ സ്ഥിരം സമിതിയിൽ ഉണ്ടായിട്ടില്ല.

2) തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ :

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതിയിൽ മാത്രമാണ് കുടിശ്ശിക അവശേഷിക്കുന്നത്. തൊഴിൽ നികുതി സംന്ധിക്കുന്ന ഡിമാൻഡിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താത്ത് കാരണം കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത സാഹചര്യമുണ്ട്. (ഖണ്ഡിക കണ്ടാലും)

നികുതി/നികുതിയേതര വരവിനങ്ങളുടെ അവലേകന യോഗങ്ങൾ കൂടി, പിരിവ് പുരോഗതി നികുതി വർദ്ധനവ് എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

3) ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല/ അനധികൃത നിർമ്മിതികളെ വസ്തുനികുതി ചുമത്തുന്നില്ല

ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലെ കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർ ,ലീക്ക് പ്രൂഫ് എന്ന വ്യാജേന കെട്ടിടത്തിന് അധിക നിലനിർമ്മിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർ എന്നിവരെയൊന്നും കണ്ടെത്തി, പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അനധികൃത അധിക നിർമ്മിതികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കാത്തത്, ക്രമവൽക്കരിക്കാവുന്ന കെട്ടിടങ്ങളിൽ നിന്നും പഞ്ചായതത്തിന് ലഭിക്കേണ്ടതായ വസ്തുനികുതി നഷ്ടമാക്കുന്നുണ്ട്. വളരെക്കുറച്ച് കെട്ടിടങ്ങൾ മാത്രമാണ് അനധികൃതമായുള്ളത് എന്ന നിലയിലാണ് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തുനികുതി നിർണ്ണയത്തിനായി അപേക്ഷ സമർപ്പിക്കുന്നവർ, അപാകം മൂലം മടക്കി അയക്കപ്പെട്ടാൽ പിന്നീട് ഗ്രാമപഞ്ചായത്തിലേക്ക് വരാത്ത സാഹചര്യമുണ്ട്. ഇങ്ങനെയുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി ചുമത്തുന്നതിന്(UA) ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

4) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല :

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വലിയവിഭാഗം തൊഴിൽ നികുതി ചുമത്തലിലിൽ നിന്നും രക്ഷപെടുന്നുണ്ട്. മതിയായ വിവരഅടിത്തറയുടെ അഭാവമാണ് പ്രധാനകാരണം. മാന്നാർ ഗ്രാമപഞ്ചായത്തിലെ 2022-23 ലെ വാർഷികകണക്കുകളെ അടിസ്ഥാനപ്പെടുത്തിയാൽ ഈ ഇനത്തിൽ ഒരാളിൽ നിന്നുപോലും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്നത് വ്യക്തമാണ്.

5) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്‌വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ് :

വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

6) വസ്തുനികുതി നിർണ്ണയം പൂർണ്ണമായി വാർഷിക ഓഡിറ്റിനൊപ്പം പരിശോധിക്കപ്പെടാതെ പോകുന്ന സാഹചര്യം നിലവിലുണ്ട് :

നിലവിലെ സാഹചര്യത്തിൽ പരിമിതമായ മനുഷ്യദിനങ്ങളിൽ വസ്തുനികുതി നിർണ്ണയം പൂർണ്ണമായും പരിശോധിക്കപ്പെടാത്ത സാഹചര്യം മാന്നാർ പോലെയുള്ള വലിയ പഞ്ചായത്തുകളിൽ

നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഒരോ രൂപയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഓരോ വർഷവും വ്സതുനികുതി നിർണ്ണയം നടത്തുന്ന മുഴവൻ ഫയലുകളും ഓഡിറ്റിന് വിധേയമാക്കേണ്ടതും സംശയദൂരീകരണത്തിനായി സ്ഥലപരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തേണ്ടതും അനിവാര്യമാണ്.

7) <u>വസ്തുനികുതി പരിഷ്കരണം പൂർണ്ണമായും പ്രത്യേക ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല</u> :

വാർഷിക വാടകമൂല്യം അടിസ്ഥാനപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിരുന്ന പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം വർഷങ്ങളെടുത്താണ് പൂർത്തീകരിച്ചത്. 2013-ൽ ആരംഭിച്ച പരിഷ്കരണപ്രക്രിയ പൂർത്തീകരിക്കപ്പെട്ടോയെന്ന് നിലവിലും ഒരു എക്സ്റ്റേണൽ ഏജൻസിയോ ഓഡിറ്റ് വകുപ്പോ പരിശോധിച്ചുറപ്പാക്കിയിട്ടില്ല. പൂർത്തീകരണത്തിന് പഞ്ചായത്ത് ജീവനക്കാർക്കൊപ്പം കരാറടിസ്ഥാനത്തിൽ ജോലി ചെയ്തവരും ഉൾപ്പെട്ടിരുന്നു. ഡേറ്റാ എൻട്രിയിലേയും നികുതി പരിഷ്കരണത്തിലെയും നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല എന്നിവ ഒരോ നികുതി നിർണ്ണയത്തിനും ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നഷ്ടപ്പെടുത്തുന്ന സാഹചര്യമുണ്ടാക്കും. ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായാക്കിയിട്ടുണ്ടോയെന്ന് പ്രത്യേക പരിശോധനയിലൂടെ മാത്രമെ പരിശോധിച്ചുറപ്പാക്കാനാകൂ.(ഖണ്ഡിക നം- കാണുക)

8) <u>വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് ) നടത്തുന്നില്ല</u> :

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം -21 പ്രകാരം രണ്ട് നിലവരെയുള്ള താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെട്ടിടങ്ങളും ഗ്രൂപ്പ് G1, G1,I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോധനകളൊന്നും തന്നെ നടത്തപ്പെടുന്നതായോ അനധികൃത നിർമ്മാണങ്ങളെയും വസ്തുനികുതി നിർണ്ണയത്തിന് ശേഷം സ്വയമോ അല്ലാതെയോ സംഭവിക്കുന്നതും വസ്തുനികുതി വർദ്ധനവിന് കാരണമായേക്കാവുന്നതുമായ അധിക സൌകര്യങ്ങളെ തിരിച്ചറിയാതെ പോകുന്നതിനുമിടയാക്കുന്നുണ്ട്.

9) <u>വസ്തുനികുതി:സാങ്കേതിമായ പിഴവുകൾ കാരണം വസ്തുനികുതി നഷ്ടമാകുന്നു</u> :

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം -6 പട്ടിക -6 പ്രകാരം കെട്ടിടങ്ങൾക്ക് 250 ചതുരശ്രമീറ്ററിലധികം മേൽത്തരം വസ്തുക്കളാൽ നിർമ്മിക്കപ്പെട്ട തറയാണുള്ളതെങ്കിൽ, അടിസ്ഥാനവസ്തുനികുതിയുടെ 15 ശതമാനം വർദ്ധനവ് ആകെ വസ്തുനികുതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ വാണിജ്യാവശ്യകെട്ടിടങ്ങളെ വിഭജിച്ച് ചെറിയ കെട്ടിടങ്ങളായി നമ്പർ നൽകുമ്പോൾ, ഓരോ കെട്ടിടവും 250 ചതുരശ്രീമീറ്റർ വിസ്തൃതിക്ക് താഴെ വരുന്നതിനാൽ മേൽത്തരം തറനിർമ്മിതിയെന്ന് രേഖപ്പെടുത്തിയാൽകൂടി, കെട്ടിടത്തിന് ബാധകമാകേണ്ട 15 ശതമാനം വർദ്ധനവിൽ നിന്നും രക്ഷപെടുന്ന അവസ്ഥയാണുള്ളത്. മാന്നാർ ഗ്രാമപഞ്ചായത്തിലെ ഡേറ്റയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

10) <u>സർക്കാർ ഉത്തരവ് പ്രകാരമുള്ള പുതിയ ഉപയോഗക്രമങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല</u> :

നിലവിലുള്ള ഉപയോഗക്രമങ്ങൾ നിർണ്ണയിക്കുമ്പോൾ ഉണ്ടാകുന്ന നികുതി ചോർച്ചകൾ, കാർഷികാവശ്യകെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുക എന്നിവ ലക്ഷ്യമാക്കി പുതിയ നികുതി നിരക്കുകൾ സർക്കാർ ഉത്തരവ് മൂലം പുറപ്പെടുവിച്ചിരുന്നു. (18.11.19-ലെ സ.ഉ(അച്ചടിച്ചത്) 82/2019

/ത.സ്വ.ഭ.വ പ്രകാരം താഴെപ്പറയുന്ന ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിന് നിർദേശിച്ചിരുന്നു.

1. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്

2. ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ

കൂടാതെ 8.9.2020-ലെ സ.ഉ(അച്ചടിച്ചത്) 53/2020ത.സ്വ.ഭ.വ പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ ആയി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിനും നിർദേശിച്ചിരുന്നു.)

ഉത്തരവുകൾ പ്രകാരം പുതുതായി ആറ് ഉപയോഗക്രമങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതും ഗ്രാമപഞ്ചായത്ത് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്താത്തതുമായ ഉപയോഗക്രമങ്ങളുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യഹോസ്റ്റൽ, ഹോം സ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് | 3 | 8 |
| 3 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |
| 4 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തേണ്ടതാണ്.

11) സേവന ഉപനികുതി സാധ്യതകൾ തനത് വരുമാന വർദ്ധനവിനായി പരിഗണിക്കാവുന്നതാണ് :

2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിൻറേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിൻറെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തുനികുതിയിൻമേൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ മാന്നാർ ഗ്രാമപഞ്ചായത്ത് നിലവിൽസേവന ഉപനികുതി ഈടാക്കുന്നില്ല. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

| ക്രമ നം. | സേവനം | വസ്തുനികുതിയിൻമേൽ ചുമത്താവുന്ന പരമാവധി സേവന ഉപനികുതി |
|---|---|---|

| | | |
|---|---|---|
| 1 | ശുചിത്വ പരിപാലനം | 4% |
| 2 | ജല വിതരണം | 3% |
| 3 | തെരുവു വിളക്കുകൾ | 2% |
| 4 | ഡ്രൈനേജ് | 1% |

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് രണ്ട് അർദ്ധ വർഷ ഗഡുക്കളായി വസ്തു നികുതിയോടൊപ്പം പിരിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന് നിശ്ചിത നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന്, മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്.

ഓഡിറ്ററിന്റെ ശുപാർശകൾ :

1) തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി /നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3) അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5)തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്വേർ അധിഷ്ഠിതമാക്കുന്നതിന് lkmനോട് ആവശ്യപ്പെടേണ്ടതാണ്.

6) വസ്തുനികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ് തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്.

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തണം.

8) സാങ്കേതികമായ പ്രശ്നങ്ങൾ lkm ന്റെ ശ്രദ്ധയിൽ കൊണ്ടുവരണം.

9) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തണം.

10) സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കണം.

## 1-11 എല്ലാ ഉപയോഗക്രമങ്ങൾക്കുമുള്ള വസ്തുനികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയില്ല

വസ്തുനികുതി ചുമത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിർദ്ദേശിക്കുന്ന ഓരോ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ നിർദ്ദേശിക്കുന്നുണ്ട്. സർക്കാരിന്റെ ആദ്യ വിജ്ഞാപനത്തിനുശേഷം പുതിയ ഉപയോഗക്രമങ്ങളോ ഉപവിഭാഗങ്ങളോ

നിർദ്ദേശിക്കപ്പെടുകയും നിരക്ക് നിർണ്ണയത്തിനുള്ള സൌകര്യം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ വിഷയങ്ങളിൽ തീരുമാനം എടുത്ത് പുതിയതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശാനുസരണം നിരക്കുകൾ ഉൾപ്പെടുത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

സർക്കാർ നിർദ്ദേശമനുസരിച്ചുള്ള നിരക്കുകളിൽ ഗ്രാമപഞ്ചായത്തിന് ബാധകമായത് ഉൾപ്പെടുത്തി, വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 1-12 ഫ്യൂവൽ സ്റ്റേഷന്റെ കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തിയില്ല

ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് പഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 60 രൂപയായി പഞ്ചായത്ത് സമിതി തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടത്. രണ്ട് ഫ്യൂവൽ സ്റ്റേഷനുകളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത് എന്നിരിക്കെ വളരെ കുറഞ്ഞ വസ്തു നികുതി മാത്രമാണ് താഴെ പറയുന്ന ഫ്യൂവൽ സ്റ്റേഷനു ചുമത്തപ്പെട്ടിട്ടുള്ളത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും കാണുന്നു. ഫ്യൂവൽ സ്റ്റേഷന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നം. | പരിഗണിച്ച തറവിസ്തീർണ്ണം | ചുമത്തിയ വസ്തുനികുതി |
|---|---|---|---|
| അജിത, ഇത്താംപ്പള്ളിൽ (അനന്തു ഫ്യൂവൽസ്) | 12/237 | 18 | 1361 |

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വസ്തുനികുതി നിർണ്ണയിച്ച വാടാമ്പിൽ ബാലശങ്കർ ഫ്യൂവൽസ് എന്ന ഫ്യൂവൽ സ്റ്റേഷന് കാനോപ്പി ഏരിയ ഉൾപ്പെടെയാണ് വസ്തുനികുതി ചുമത്തിയത്. മുകളിൽ സൂചിപ്പിച്ച ഫ്യൂവൽ സ്റ്റേഷനിൽ പരിശോധന നടത്തി കാനോപ്പി ഏരിയ വസ്തുനികുതിയിൽ ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച്, കാനോപ്പി ഭാഗം ഉൾപ്പെട്ടിട്ടില്ലായെങ്കിൽ അവയുടെ തറവിസ്തൃതിക്കനുസൃതമായി വസ്തുനികുതി ചുമത്തേണ്ടതാണ്. സെയിസ് റൂം, ഓഫീസ് റൂം എന്നിവയെ പ്രത്യേകമായി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

### 1-13 പ്രൊഫഷണലുകൾക്ക് തൊഴിൽ നികുതി ചുമത്തുന്നില്ല

തനതുവരുമാന വർദ്ധനവ് ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് ഊർജിതമാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്ന പ്രൊഫഷണലുകൾക്ക് കൂടി തൊഴിൽ നികുതി ചുമത്തേണ്ടതുണ്ട്. സ്വയം തൊഴിൽ ചെയ്യുന്ന ഡോക്ടർമാർ, അഭിഭാഷകർ, മരാമത്ത് പ്രവർത്തി ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, ആർക്കിടെക്റ്റുമാർ, സൂപ്പർവൈസർമാർ, ചാർട്ടേറ്റ് അക്കൌണ്ടന്റുമാർ, ടാക്സ് പ്രാക്ടീഷണർമാർ, ഇൻഷുറൻസ് ഏജന്റുമാർ തുടങ്ങിയവരുടെ ഒരു വിവരഅടിത്തറ തയ്യാറാക്കേണ്ടതും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യേണ്ടതുമാണ്. സ്വതവെ തനത് വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്ത് അടിയന്തിരമായി ഈ വിഷയം പരിഗണിക്കേണ്ടതും സ്വീകരിക്കുന്ന നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

### 1-14 തൊഴിൽ നികുതി- ഡിമാൻഡ് പൂർണ്ണമല്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം / വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതിയും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല.

I) പെട്രോൾ പമ്പിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

താഴെ പറയുന്ന പെട്രോൾ പമ്പുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടെ ജോലിചെയ്യുന്ന ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയില്ല

1) വാടമ്പിൽ ബാലശങ്കർ ഫ്യൂവൽസ്, കണ്ടല്ലൂർ

2) അനന്ദു ഫ്യൂവൽസ്

ഫ്യൂവൽ സ്റ്റേഷനുകളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

II) സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ചുമത്തിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ധനകാര്യപണമിടപാട് സ്ഥാപനങ്ങളെ ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ചുമത്തിയിട്ടില്ല.

*1) കണ്ണാട്ട് നിധി ലിമിറ്റഡ്, വേലൻചിറ*

*2) STAAJ നിധി ലിമിറ്റഡ്, പുല്ലുകുളങ്ങര.* എന്നീ സ്ഥാപനങ്ങളെയും ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തിയതായി കാണുന്നില്ല. ലൈസൻസ് അപേക്ഷകൾക്കൊപ്പമാണ് ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സിന്റെ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ചുമത്തുന്നത്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമില്ലാത്തതിനാൽ മിക്ക സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ചുമത്തലിൽ നിന്നും ഒഴിവാകുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കേണ്ടതുമാണ്.

## 1-15 മാവേലി സ്റ്റോർ, റേഷൻ ഷോപ്പുകൾ എന്നീ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടിയല്ല പ്രവർത്തിക്കുന്നത്

കേരള പഞ്ചായത്ത് രാജ് നിയമം (Issue Of Licence To Factories, Trades,entrepreneurship Activities And Other Services) Rules 1996 പ്രകാരം ചട്ടം 3 പട്ടിക 1 – ക്രമ നം.149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ, മാവേലി സ്റ്റോറുകൾ എന്നിവക്ക് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്താനാനുമതി ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറും (സപ്ലൈകോ സൂപ്പർ മാർക്കറ്റ്) 8 റേഷൻ കടകളും (റേഷൻ കടകളുടെ പട്ടിക 2019-20 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) ഗ്രാമപഞ്ചായത്തിന്റെ അനുമതിയോട് കൂടിയല്ല പ്രവർത്തിക്കുന്നത്.(ഓഡിറ്റ് എൻക്വയറി നം-13/22-23 /29.07.2023). നിയമപ്രകാരമുള്ള ലൈസൻസോട് കൂടിയാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതും തനത് വരുമാനത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കേണ്ടതുമാണ്.

## 1-16 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയില്ല, ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 16.83 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനായി തൻവർഷം പഞ്ചായത്ത് 16,83,264 രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടുകൾ പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ പ്രവൃത്തി കെ.എസ്.ഇ.ബി. ആരംഭിച്ചെന്നും പൂർത്തിയാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട്. പ്രവത്തി

പൂർത്തിയാക്കി ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 16,83,264 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം – സെക്രട്ടറി

ഓഡിറ്റ് അന്വേഷണം നം. 2/22-23 ; 22.07.2023

പ്രോജക്ട് നം.33/23- സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ,

അടങ്കൽ – 21,53,000 രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം 10 ലക്ഷം രൂപ,

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 11,53,000 രൂപ)

ചെലവ് – 16,83,264 രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം 5,30,264 രൂപ,

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് -11,53,000 രൂപ ;)

ബിൽ നം.XVFC/22-23/P/42; തീയതി 12.01.2023 – 4,42,376 രൂപ,

ബിൽ നം.XVFC/22-23/P/44; തീയതി 16.01.2023) – 7,10,624 രൂപ

## 1-17 വെള്ളക്കരമിനത്തിൽ വൻ കുടിശ്ശിക - വിച്ഛേദനത്തിന് പണമടച്ചശേഷവും പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കി

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 2022 ഏപ്രിലിൽ 1.425 കോടി രൂപയായിരുന്നു പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക. ഇത് 2023 മാർച്ചായപ്പോഴേക്ക് 1.876 കോടിയായി വർദ്ധിച്ചു. പ്രതിമാസ ഫൈൻ 2.78 ലക്ഷത്തിൽ നിന്ന് 3.55 ലക്ഷമായും കൂടി. 2023 മാർച്ചിൽ രണ്ട് പ്രോജക്ടുകൾ വഴി (131/23, 132/23) 9,98,785 രൂപ കുടിശ്ശികയിനത്തിൽ വാട്ടർ അതോറിറ്റിയിലേക്ക് പഞ്ചായത്ത് ഒടുക്കിയെങ്കിലും (722278+276507)അത് 2022-23 ൽ അക്യുമുലേറ്റ് ചെയ്യപ്പെട്ട ഫൈൻ ആയ 37,54,305 രൂപയുടെ 37.59 ശതമാനം മാത്രമേ ആകുന്നുള്ളൂ. കുടിശ്ശിക അപ്പോഴും വർദ്ധിച്ച് വരുകയാണ്. കുടിശ്ശിക നിവാരണത്തിനായി പഞ്ചായത്ത് വിഭാവനം ചെയ്യുന്ന കർമ്മപദ്ധതി രൂപീകരിച്ച് നടപ്പാക്കാൻ പഞ്ചായത്തിനായിട്ടില്ല.

2021-22 ൽ ഉപയോഗരഹിതമായ 188 പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനായി 2.9 ലക്ഷം രൂപ പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടച്ചിരുന്നു (പ്രോജക്ട് 115/2022 റിക്വ.നം. 1210045 ബിൽ തീയതി 1.2.2022). എന്നാൽ ഈ 188 ടാപ്പുകൾ കുറവ് ചെയ്യാതെ 425 ടാപ്പുകളുടെ വെള്ളക്കരം പ്രതിവർഷം 5,788.13 രൂപ നിരക്കിൽ പ്രതിമാസം 2,04,992 രൂപയാണ് 2022 ഡിസംബർ വരെ കേരള വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്നതും പഞ്ചായത്ത് അടച്ച് പോന്നതും. 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 346 ടാപ്പുകളുടെ വെള്ളക്കരമായി മേൽപ്പറഞ്ഞ നിരക്കിൽ 1,66,887 രൂപ വീതവും മാർച്ചിൽ 346 ടാപ്പുകളുടെ തന്നെ വെള്ളക്കരമായി പ്രതിവർഷം 14,559.12 രൂപ നിരക്കിൽ 4,19,785 രൂപയും ഡിമാന്റ് ചെയ്യപ്പെട്ടു. ഇപ്രകാരം ആകെ തൻവർഷത്തെ വെള്ളക്കരമായി 25,98,487 രൂപ ഡിമാന്റ് ചെയ്യപ്പെടുകയും 2,453,950 രൂപ പ്രോജക്ട് നം 1/23 വഴി പഞ്ചായത്ത് ഒടുക്ക് വരുത്തുകയും ചെയ്തു (വികസന ഫണ്ട് –189158രൂപ, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് –20,59,800 രൂപ, തനത് ഫണ്ട് –2,04,992 രൂപ). ആകെ ഉണ്ടായിരുന്ന 425 പൊതുടാപ്പുകളിൽ വിച്ഛേദനത്തിന് നിർദ്ദേശിച്ച് പണമടച്ച 188 ടാപ്പ് കഴിച്ച് 237 ടാപ്പുകളുടെ വെള്ളക്കരം ഒടുക്കേണ്ട ബാദ്ധ്യത മാത്രമാണ് പഞ്ചായത്തിനുള്ളത്. അതായത് തൻവർഷ വെള്ളക്കരമായി 15,45,019 രൂപ (((5788.13/12)*237*11)+((14559.12/12)*237)) ഒടുക്കേണ്ട ബാദ്ധ്യതയേ ഗ്രാമപഞ്ചായത്തിനുള്ളൂ. എന്നാൽ തൻവർഷം 9,08,931 രൂപ പഞ്ചായത്ത് അധികമായി അടച്ചു(2453950-1545019). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 3/22-23; 22.07.2023) പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ ടാപ്പുകൾ യഥാർത്ഥത്തിൽ വിച്ഛേദിക്കുന്ന തീയതി വരെ വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ് ചെയ്തിരുന്നതിനാലും അടയ്ക്കാതിരുന്നാൽ ഫൈൻ അടക്കം ഡിനാന്റ് ചെയ്യപ്പെടുമെന്നതിനാലും നിലവിൽ വൻ കുടിശ്ശിക ഡിമാന്റ് ചെയ്യപ്പെട്ടിട്ടുള്ളതിനാലുമാണ് പണം ഒടുക്കിയത് എന്ന് നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ഉപഭോക്താവും സേവനദാതാവും എന്ന ബന്ധമാണ്

നിലനിൽക്കുന്നത് എന്നതിനാൽ വിച്ഛേദനത്തിന് പണം ഒടുക്കിയ ശേഷം ഒരു വർഷത്തോളം ഇപ്രകാരം അധിക തുക വെള്ളക്കരം ഇനത്തിൽ ഒടുക്കേണ്ടതില്ല. ആകയാൽ ഈ തുക കുടിശ്ശികയിൽ കുറവ് ചെയ്ത് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ഹരിത കർമ്മസേനക്ക് ഇലക്ട്രിക്ക് മുച്ചക്രവാഹനം -4.97 ലക്ഷം രൂപയ്ക്ക് വാങ്ങിയ വാഹനം ഉപയോഗിക്കുന്നില്ല

ഹരിത കർമ്മസേന വീടുകളിൽനിന്നും വാണിജ്യസ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ എത്തിക്കുന്നതിനായി 2022-23 ൽ 4,97,000 രൂപ മുടക്കി ഇലക്ട്രിക്ക് വാഹനം വാങ്ങിയെങ്കിലും ഉപയോഗിക്കുന്നില്ല എന്ന് നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യമായി. വാഹനം നിലവിൽ എം.സി.എഫ്. പരിസരത്ത് മൃഗാശുപത്രിക്ക് മുന്നിലായി സൂക്ഷിച്ചിരിക്കുകയാണ്. 2023 ഫെബ്രുവരിയിൽ വാങ്ങിയ വാഹനം 4 മാസങ്ങൾക്ക് ശേഷവും ഉപയോഗിക്കാനാകാതെ കിടക്കുകയാണ്. വാഹനം ഓടിക്കാൻ പരിശീലനം ലഭിച്ചവരുടെ അഭാവമാണ് ഇതിന് കാരണം എന്ന് അന്വേഷണത്തിൽ നിന്ന് വ്യക്തമാകുന്നു. ഈ പ്രശ്നം പരിഹരിച്ച് വാഹനം ഉപയോഗിക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് നം. 106/22, ഹരിത കർമ്മസേനക്ക് ഇലക്ട്രിക്ക് മുച്ചക്രവാഹനം വാങ്ങൽ
നിർവ്വഹണം – സെക്രട്ടറി
അടങ്കൽ – 6,30,000 രൂപ (ശുചിത്വമിഷൻ ഗ്രാന്റ്, ജില്ല പഞ്ചായത്ത് വിഹിതം 3,15,000 രൂപ വീതം)
ചെലവ് – 4,97,000(ശുചിത്വമിഷൻ ഗ്രാന്റ്, ജില്ല പഞ്ചായത്ത് വിഹിതം യഥാക്രമം 315000, 182000 രൂപ)

1-19 പത്രപ്പരസ്യം - നിർദ്ദിഷ്ട അളവിൽ അധികമായി, നിയമാനുസൃത കിഴിവ് ലഭ്യമാക്കിയില്ല

പദ്ധതി നിർവ്വഹണം, ടെന്റർ എന്നിവയുമായി ബന്ധപ്പെട്ട് തദ്ദേശഭരണസ്ഥാപനങ്ങൾ നൽകുന്ന പത്രപ്പരസ്യം ഇരുപത്തിനാല് ചതുരശ്ര സെന്റീമീറ്ററിൽ അധികമാകാത്ത വിൻഡോ പരസ്യങ്ങളാകണമെന്നും (8cm X 3cm) പരസ്യങ്ങൾക്ക് അവയുടെ നിരക്കിൽ നിന്നും 15 ശതമാനം കിഴിവ് ലഭ്യമാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് (പൊതുഭരണ(ഐ&പി.ആർ.ഡി) വകുപ്പിന്റെ 7441/d-01/04 Dated 21.06.04 Circular, സ.ഉ.(അ)2/2020ഐ&പി.ആർ.ഡി,ഖ.51). എന്നാൽ 22.10.2022-ൽ മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിച്ച പരസ്യം 40 ച.സെ.മി(8x5) വലുപ്പമുള്ളവയാണ്. ഇവയ്ക്ക് ച.സെ.മി ന് 290 രൂപ നിരക്കിലാണ് ചാർജ്ജ് ഈടാക്കിയിട്ടുള്ളത്. ഇത് കൂടാതെ 29.10.2022-ൽ പ്രസിദ്ധീകരിച്ച 24 ച.സെ.മി യുള്ള പരസ്യത്തിനും (നിരക്ക് 290 രൂപ) 15 ശതമാനം ഡിസ്കൗണ്ട് അനുവദിക്കപ്പെട്ടിട്ടില്ല. എന്നാൽ 17.1.2023, 18.12.2022 തീയതികളിലെ പരസ്യങ്ങൾക്ക് മാതൃഭൂമി തന്നെ ഡിസ്കൗണ്ട് അനുവദിച്ചിട്ടുമുണ്ട്.

22.10.2022-ലെ പരസ്യത്തിന് പത്രസ്ഥാപനം ഈടാക്കിയത് 12,180 രൂപയാണ് (8x5x2900) = 6960+5%GST) 29.10.22 ലെ പരസ്യത്തിന് 7,308 രൂപയും ഈടാക്കി ((8x4x290))= 11600+5%GST).
15% ഡിസ്കൗണ്ട് ലഭിക്കാതിരുന്നത് വഴി 2,784 രൂപയുടെ നഷ്ടം((6960+11600)x15%) ഗ്രാമ പഞ്ചായത്തിനുണ്ടായി. പത്രപരസ്യം സർക്കാർ നിർദ്ദേശിച്ച വലുപ്പത്തിൽ മാത്രം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, പ്രസ്തുത തുക ലഭ്യമാക്കാൻ പത്രസ്ഥാപനത്തിന് കത്ത് നൽകിയിട്ടുള്ളതാണെന്നും അടയക്കാത്തപക്ഷം ഇനി ഈ വർഷം നൽകാനുള്ള തുകയിൽ നിന്ന് കുറവ് ചെയ്യുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാതൃഭൂമി ദിനപത്രത്തിൽ നിന്ന് നിയമാനുസൃതം കിട്ടേണ്ടിയിരുന്ന ഡിസ്കൗണ്ട് ലഭ്യമാക്കി പഞ്ചായത്തിനുണ്ടായ നഷ്ടം പരിഹരിക്കേണ്ടതാണ്.

(ചെലവ് – ബിൽ നം. 00954379 തീയതി 19.12.2022 - 29438 രൂപ, മാതൃഭൂമിക്ക് നൽകിയത് 19,488 രൂപ)

പ്രോജക്ട് നം. 3/21-22 പദ്ധതി രൂപീകരണ ചെലവുകൾ)
അടങ്കൽ – 4 ലക്ഷം, (2.5 ലക്ഷം രൂപപ്ലാൻ ഫണ്ട് ജനറൽ, 1.5 ലക്ഷം രൂപ തനത് ഫണ്ട്)

ആകെ ചെലവ് – 2,65,397 രൂപ (പ്ലാൻ ഫണ്ട് ജനറൽ- 2,31,764 രൂപ, തനത് ഫണ്ട്-33,615 രൂപ )

നിർവ്വഹണം – സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നം.1/ 22-23 ; 21.07.2023

1-20 കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. - 42/23

പ്രോജക്ടിന്റെ പേര് - കന്നുകുട്ടി പരിപാലന പദ്ധതി

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ റഫറൻസ് നം. 2207095200610153 7324/28-03-23 പ്രകാരം 3,12,500/- രൂപ പിൻവലിച്ച് അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് നൽകിയിട്ടുണ്ട്. ടി പദ്ധതി തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.06/26.07.23-ന് നൽകിയ മറുപടിയിൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 3,12,500/- രൂപ താൽക്കാലികമായി തടസ്സപ്പെടുത്തുന്നു.

1-21 പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ വഴി മെഡിക്കൽ ഉപകരണങ്ങൾ/മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപറേഷന് തുക അഡ്വാൻസായി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്ന് മെഡിക്കൽ ഉപകരണങ്ങൾ/മരുന്ന് പൂർണമായും ലഭിച്ചിട്ടില്ലായെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | KMSCL ന് നൽകിയ തുക | ട്രഷറി ബിൽ റഫ.നം ./ചെക്ക് നം. | ലഭിച്ച മെഡിക്കൽ ഉപകരണങ്ങൾ/മരുന്ന് (രൂപയിൽ) | ലഭിക്കുവാനുള്ള മരുന്നിന്റെ വില |
|---|---|---|---|---|---|
| 20/23 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 4,61,620/- | 22070952005800767461/11.11.2022 | 3,03,234/- | 1,58,386/- |
| | | 1,38,380/- | 22070952005800817187/15.11.2022 | 60,730/- | 77,650/- |
| 21/23 | പാലിയേറ്റീവ് കെയർ പദ്ധതി | 98,000/- | 22070952005801026637/09.01.23 | 63,192/- | 34,808/- |
| | | 1,00,000/- | JN3673006/18.01.23 | 25,814/- | 74,186/- |
| | | 1,99,994/- | JN3673004/29.12.22 | 36,225/- | 1,63,769/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/26.07.23-ന് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് മരുന്ന് ലഭിച്ചത് സംബന്ധിച്ച ഇൻവോയിസ് ഉൾപ്പെടെയുള്ള വിശദാംശം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-21-1 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല

പ്രോജക്ട് നം - 26/23

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ഹോമിയോ

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ റഫറൻസ് നം.22070952006001043172/09.01.23 പ്രകാരം 2,00,000/- രൂപ പിൻവലിച്ച് മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ടി

മരുന്നുകൾ നാളിതുവരെ സ്ഥാപനത്തിൽ ലഭിച്ചിട്ടില്ല എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഇൻവോയിസ് വിശദാംശം ഉൾപ്പെടെയുള്ള വിവരങ്ങൾ ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ മഴക്കാല പൂർവ ശുചീകരണത്തിനായി തുകയൊന്നും വിനിയോഗിച്ചിട്ടില്ല. ശുചിത്വ മിഷന്റെ 20.01.2023-ലെ ഉത്തരവ് നം.398/D/2022/SM പ്രകാരം മഴക്കാല പൂർവ ശുചീകരണത്തിനായി 1,50,000/- രൂപ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നോ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ ഈ ആവശ്യത്തിനായി 2022-23 സാമ്പത്തിക വർഷത്തിൽ തുകയൊന്നും വിനിയോഗിച്ചിട്ടില്ല. മഴക്കാല പൂർവ ശുചീകരണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ എല്ലാ വർഷവും സാമ്പത്തിക വർഷ ആരംഭത്തിൽ തന്നെ ഏറ്റെടുത്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായാണ് റോഡ് കണക്റ്റിവിറ്റി മാപ്പിംഗിനായി പദ്ധതി (S0109/23) തയ്യാറാക്കിയത്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ(കെ.എസ്.ആർ.ആർ.ഡി.എ) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R-ട്രാക്ക് മൊബൈൽ ആപ്ലിക്കേഷന്റേയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രധാന റോഡുകളെ വർഗ്ഗീകരിച്ച് അടയാളപ്പെടുത്തി പഞ്ചായത്ത് മാപ്പ് രൂപപ്പെടുത്തുന്നു. റോഡുകളുടെ വീതി, അവസ്ഥ എന്നിവ ഇതിൽ നിന്നും മനസ്സിലാകുന്നു. അഖിൽ ബാബു, സായി ഗണേഷ് എന്നിവർക്ക് മെയ്, ജൂൺ മാസങ്ങളിലായി 12 ദിവസം പ്രവർത്തി ചെയ്ത ഇനത്തിൽ (മസ്റ്റർ റോൾ പ്രകാരം @740 രൂപ വീതം) 17,760 രൂപ (ചെക്ക് നം. 73918/15.10.22) വിതരണം ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയിലൂടെ റോഡുകൾ ഡിജിറ്റലൈസ് ചെയ്തുവെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.4/23/07/23) മറുപടി തന്നിട്ടുള്ളത്. ഡിജിറ്റലൈസ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിലും രണ്ടാം ഘട്ട പ്രവർത്തനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളതുമായ സാഹചര്യത്തിൽ തൻവർഷ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുക.

## 1-24 ടേക്ക് എ ബ്രേക്ക് - പ്രവർത്തനം ആരംഭിച്ചിട്ടില്ല

സംസ്ഥാന സർക്കാരിന്റെ 12 ഇന പരിപാടിയുടെ ഭാഗമായി നിർമ്മിച്ച ടേക്ക് എ ബ്രേക്ക് ന്റെ നിർമ്മാണത്തിനായി വിവിധ വർഷങ്ങളിലായി 9.40 ലക്ഷം ചെലവഴിച്ചെങ്കിലും ഇതെ വരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2020-21 | 3,76,156 |
| 2021-22 | 2,55,754 |
| 2022-23 | 3,09,011 |
| ആകെ | 9,40,921 |



ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് കോംപ്ലക്സ് - അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായാണ് 22-23 ൽ(പ്രോജക്ട് നം.9/22-23) കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 3,09,011 രൂപ(ചെക്ക് നം.11138/06/12/22) ചെലവഴിച്ചത്. ടേക്ക് എ ബ്രേക്ക് നടത്തിപ്പിനായി ഹരിത കർമ്മ സേനക്ക് കെട്ടിടം കൈമാറുവാൻ ജനറൽ കമ്മറ്റി(10.01.23-ലെ 4(1) നം.) തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ ഇതേ വരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് കാണുന്നു. പ്രവൃത്തി ആരംഭിക്കുവാൻ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. ടേക്ക് എ ബ്രേക്ക് ന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

1-25 അങ്കണവാടി നിർമ്മാണം നമ്പർ 92, വാർഡ് 3- പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല- PWD മാനുവൽ പാലിക്കപ്പെടുന്നില്ല

| | |
|---|---|
| പ്രോജക്ട് നം. | S0165/19 |
| എസ്റ്റിമേറ്റ് | 1450000<br>1365325(ഇലക്ട്രിഫിക്കേഷൻ ഒഴികെ) |
| കരാർ നം | 31/AE/19-20/27.05.19 |
| കരാറുകാരൻ | ഗോപാലകൃഷ്ണപിള്ള, 0.05% Below |
| എഗ്രീഡ്. | 1364642 |

| | | |
|---|---|---|
| പി.എ.സി | | |
| ആകെ മൂല്യം | 1364642 | |
| തുക | 580000/31.12.19<br>(ജില്ലാ പഞ്ചായത്ത് വിഹിതം) | |
| | 784642/14.09.22(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെക്ക് നം. 390620/19.09.22 | |

വാർഡ് 3-ലെ 92-ാം നമ്പർ അങ്കണവാടി നിർമ്മാണത്തിനായി 27.05.19-ൽ കരാർ ചമച്ചെങ്കിലും 30.11.20-ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. 4 തവണ (Supplementary Agt Dt 27.11.19, 27.05.20, 27.08.20, 27.11.20) കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടുമുണ്ട്. എന്നാൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കിയല്ല കാലയളവ് ദീർഘിപ്പിച്ചിട്ടുള്ളത്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ 4 തവണ കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിലും പിഴ ഈടാക്കാതെയാണ് കാലയളവ് ദീർഘിപ്പിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ അവസാനം ഫൈനൽ ബിൽ തുകയുടെ അടിസ്ഥാനത്തിൽ കരാർ ചമക്കാൻ വൈകിയതിനുള്ള 1% പിഴ ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. കോവിഡ് മൂലം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല എന്ന കാരണത്താൽ പഞ്ചായത്ത് ഭരണസമിതിയുടെ 30.08.22-ലെ 8(1) നം തീരുമാനം പ്രകാരം പിഴ ഒഴിവാക്കി നൽകിയിട്ടുമുണ്ട്. കരാർ ചമച്ച് 10 മാസങ്ങൾക്ക് ശേഷമാണ് കേരളത്തിൽ കോവിഡ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ടി കാലയളവിലെ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണം അയച്ച് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-26 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - വിതരണത്തിൽ തുല്യതക്കുള്ള അവകാശം ഉറപ്പുവരുത്താനായില്ല

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണ പ്രോജക്ട് വഴി പതിനൊന്ന് വിദ്യാർത്ഥികൾക്കായി 2.95 ലക്ഷം രൂപ വിതരണം ചെയ്തു. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ (കൈ) 115/22 തസ്വഭവ, തീയതി 28.05.2022) സംസ്ഥാനത്തിന് പുറത്ത് സർക്കാർ അംഗീകൃത സർവ്വകലാശാലയുടെ റഗുലർ കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കാവുന്ന പരമാവധി സ്കോളർഷിപ്പ് 50,000 രൂപയാണ്. ബാംഗ്ലൂരിൽ ബി.എസ്.സി. നേഴ്സിംഗിന് പഠിക്കുന്ന അരവിന്ദ് എ.സി., ഗോപിക ബി. എന്നീ വിദ്യാർത്ഥികൾക്ക് 50,000 രൂപ വീതം സ്കോളർഷിപ്പ് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ തമിനാട്ടിൽ കന്യാകുമാരി ജില്ലയിൽ നാട്ടുളത്ത് പ്രവർത്തിക്കുന്നതും ഡോ.എം.ജി.ആർ. മെഡിക്കൽ യൂണിവേഴ്സിറ്റി, ചെന്നൈയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ ഗ്ലോബൽ കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസിലെ ബി.എസ്.സി. റേഡിയോഗ്രഫി&ഇമേജിംഗ് ടെക്നോളജി കോഴ്സിൽ (22.12.2022-ലെ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്ര പ്രകാരം) 2021-22 ആദ്യവർഷ

വിദ്യാർത്ഥിയായി ചേർന്ന് പഠനം തുടരുന്ന കുമാരി. ആര്യ.ആർ ന് ( D/O ബിജു കെ., ബിജു നിവാസ്, വാർഡ് 12) 25,000 രൂപ മാത്രമാണ് സ്കോളർഷിപ്പായി അനുവദിച്ചത്. ഇതിൽ തുല്യ സാഹചര്യത്തിൽ തുല്യതക്കുള്ള അവകാശം എന്ന ഭരണഘടന അനുച്ഛേദം പതിനാല് ഉറപ്പുനൽകുന്ന മൗലികാവകാശം പാലിക്കപ്പെട്ടില്ല. പ്രോജക്ടിൽ വകയിരുത്തിയ തനത് ഫണ്ട് ഉപയോഗപ്പെടുത്തിയിട്ടുമില്ല. ഇപ്രകാരം വ്യത്യസ്ഥ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അനുവദിക്കപ്പെട്ട ഫണ്ടിന്റെ അപര്യാപ്തത നിമിത്തമാണ് ഇത്തരത്തിൽ കുറവ് വന്നത് എന്നും 2023-24 പദ്ധതിയിൽപെടുത്തി ബാക്കി സ്കോളർഷിപ്പ് തുക അനുവദിക്കുന്നതുമാണ് എന്ന മറുപടി നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയിട്ടുണ്ട്.

ഒരു വിദ്യാർത്ഥിക്ക് മാത്രം സ്കോളർഷിപ്പ് തുക അർഹമായതിലും കുറഞ്ഞ് പോയത് പരിഹരിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതും ഇത്തരത്തിലുള്ള തുല്യതാലംഘനങ്ങൾ പ്രോജക്ട് നടത്തിപ്പിൽ ഉണ്ടാവുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

നിർവ്വഹണം – ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. പുതിയവിള

ഓഡിറ്റ് അന്വേഷണം നം. – 17/2022-23; 29.07.2022

പ്രോജക്ട് നം. 89/23 – പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ – 311000 (2,95,000 രൂപ വികസന ഫണ്ട് (എസ്.സിപി), 6000 രൂപ തനത് ഫണ്ട്)

ചെലവ്- 2,95,000 രൂപ (വികസന ഫണ്ട് – എസ്.സിപി)

ബിൽ നം – 01039125, തീയതി 12.01.2023

## 1-27 ഹരിത കർമ്മസേനയുടെ പ്രവർത്തനവും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും

പഞ്ചായത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം സാമാന്യം കാര്യക്ഷമമായി നടക്കുന്നുണ്ട്. 2022 ജൂണിൽ ഐ.ആർ.റ്റി.സി.യുടെ സാങ്കേതിക സഹായവും മേൽനോട്ടവും ലഭ്യമായതോടെയാണ് പ്രവർത്തനം കൂടുതൽ ഊർജ്ജിതമായത്. വീടുകൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് ഗ്രീൻ കേരള കമ്പിനിക്ക് കൈമാറിവരുന്നു. 2022 ജൂൺ മുതൽ 2023 മാർച്ച് വരെ ഏകദേശം 28100 കി.ഗ്രാം മാലിന്യമാണ് ഹരിതകർമ്മസേന ശേഖരിച്ചത്. 28 പ്രവർത്തകർ ഇതിൽ പങ്കാളികളായിരിക്കുന്നു. ഈ മാലിന്യം തരംതിരിച്ചതിൽ 10000 കി.ഗ്രാമോളം പുനരുപയോഗസാദ്ധ്യതയില്ലാത്ത എം.എൽ.പി ആണ്. 7620 വാസഗൃഹങ്ങളും 1026 വാണിജ്യസ്ഥാപനങ്ങളും ഉള്ള പഞ്ചായത്തിൽ ശരാശരി 87 ശതമാനം കെട്ടിടങ്ങളിൽ നിന്ന് ഹരിതകർമ്മസേന മാസാമാസം മാലിന്യം ശേഖരിക്കുകയും യൂസർഫീ പിരിക്കുകയും ചെയ്യുന്നു. 2022 ആഗസ്റ്റ്, 2023 ജനുവരി മാസങ്ങളിൽ 100 ശതമാനം യൂസർഫീ ഈടാക്കി. വീടുകളിൽ നിന്ന് അൻപതും വ്യാപാര-വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് നൂറും രൂപയാണ് ഈയിനത്തിൽ പ്രതിമാസം ഈടാക്കപ്പെടുന്നത്. ഒരു മാസം ശരാശരി 2.45 ലക്ഷം രൂപ ഈ കാലയളവിൽ ഈടാക്കിയിട്ടുണ്ട്. പ്രതിമാസം 20,774 രൂപയാണ് ഐ.ആർ.റ്റി.സി.ക്ക് കരാടിസ്ഥാനത്തിൽ നൽകിപ്പോരുന്നത്. ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിനായി പ്രോജക്ട് നം.37/23 വഴി (സ്പിൽ ഓവർ) 4.64 ലക്ഷം രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1.2 ലക്ഷം രൂപ വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിച്ചതാണ്. ഹരിത കർമ്മസേനയുടെ ബാങ്ക് അക്കൗണ്ടിൽ 31.3.2023 ൽ 6.58 ലക്ഷം രൂപ നീക്കിയിരുപ്പ് ഉണ്ട്.

പഞ്ചായത്തിൽ 34.56 ച.മി തറവിസ്തീർണ്ണമുള്ള എം.സി.എഫ് കെട്ടിടം 2022-23 ൽ നിർമ്മിച്ചിട്ടുണ്ട്. ഏകദേശം അത്രതന്നെ തറവിസ്തീർണ്ണമുള്ള മറ്റൊരു കെട്ടിടം കൂടി എം.സി.എഫിനുണ്ട്. എന്നാൽ ഇതിന്റെ വലുപ്പം മാലിന്യ സംഭരണം, തരംതിരിക്കൽ, എം.എൽ.പിയുടെ സൂക്ഷിക്കൽ എന്നിവയ്ക്ക് പര്യാപ്തമല്ല.




ബെയ്‌ലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ പ്ലാസ്റ്റിക് കുപ്പികളുടെ സംഭരണത്തിന് കൂടിയസ്ഥലം ആവശ്യമായും വരുന്നു. വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അത്തരത്തിലുള്ള സംഭരണ സാദ്ധ്യതയും അടയപ്പെട്ടിരിക്കുന്നു. സ്ഥലപരിമിതി നിമിത്തം തുറസ്സായ സ്ഥലത്ത് വച്ച് മാലിന്യം തരം തിരിക്കേണ്ടതായി വരുകയും അത് വർഷകാലത്തെങ്കിലും പ്രവർത്തനത്തിൽ കാലവിളംബം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനും വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിക്കുന്നതിനും പ്ലാസ്റ്റിക്കിതര അജൈവ മാലിന്യങ്ങൾ ഉൾപ്പടെ ശേഖരിക്കുന്നതിനും ലഗസി മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

ഹരിത കർമ്മസേനക്ക് 2022-23 ൽ 4.97 ലക്ഷം രൂപ മുടക്കി ഇലക്ട്രിക് മുച്ചക്രവാഹനം വാങ്ങി നൽകിയിട്ടുണ്ടെങ്കിലും പരിശീലനം ലഭിച്ച് ലൈസൻസെടുത്ത ഡ്രൈവർമാരുടെ അഭാവത്തിൽ വാഹനം ഉപയോഗപ്പെടുത്താതെ എം.സി.എഫ് പരിസരത്ത് തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ഇതിന് ഒരു പരിഹാരമുണ്ടാക്കാനും പഞ്ചായത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 മുൻകൂർ അഡ്ജസ്റ്റ് ചെയ്തിട്ടില്ല -5,000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

ജീവനക്കാർക്ക് അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ.(പി) 419/11 ഫിൻ /തീയതി 4.10.2011-ൽ വ്യവസ്ഥ ചെയ്യുന്നു. ചെക്ക് നം. 077785/31.12.22 പ്രകാരം 5000/- രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി തുക ചെലവഴിച്ച് ക്രമീകരണരേഖകൾ ഹാജരാക്കിയിട്ടില്ല. മുൻകൂർതുക തിരിച്ചടക്കുകയും ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/26.07.23-ന് മറുപടി നൽകിയിട്ടില്ല. മുൻകൂർ

കൈപ്പറ്റിയ ശേഷം ക്രമീകരണരേഖകൾ ഹാജരാക്കാതിരുന്ന ജീവനക്കാരിൽ നിന്നും മുൻകൂർ തുക പലിശസഹിതം തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 ഫെസ്റ്റിവൽ അഡ്വാൻസ് - 26,000/-രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി - ഓഡിറ്റ് ഇംപാക്റ്റ്

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം ജീവനക്കാർക്ക് അനുവദിച്ച ഫെസ്റ്റിവൽ അഡ്വാൻസ് തുക നിലവിലും പൂർണമായി അഡ്ജസ്റ്റ് ചെയ്യാത്തതായി കണ്ടു.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.11/26.07.23 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രസീത് നം.1230100733/29.07.23 പ്രകാരം ടി തുക പഞ്ചായത്ത് ഫണ്ടിൽ അടച്ചു. ശ്രീമതി ചന്ദ്രമതി, പി.റ്റി.എസ്.ൽ നിന്ന് അധികമായി തിരികെ ഈടാക്കിയ 2,000/- രൂപ ടി ജിവനക്കാരിക്ക് തിരികെ നൽകേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-30 മെൻസ്റ്റുവൽ കപ്പ് വാങ്ങൽ -ഇൻവോയിസ് ലഭ്യമാക്കിയില്ല

പ്രോജക്ട് നം - 129/23

പ്രോജക്ടിന്റെ പേര് - മെൻസ്റ്റുവൽ കപ്പ് ലഭ്യമാക്കൽ
നിർവ്വഹണം – മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി

മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ട്രഷറി ബിൽ നം.22070952005801055325/17.01.23 പ്രകാരം 2,10,000/- രൂപ പിൻവലിച്ച് HLL LIFE CARE Ltd, Tvm എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയിസ് നം.LL/CMO/VBD/1201/01/12.01.23-ന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. സാധനം ലഭ്യമാക്കിയതിന്റെ ഒറിജിനൽ ഇൻവോയിസ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം.10/26.07.23-ന് മറുപടി നൽകിയിട്ടില്ല. സാധനങ്ങൾ വാങ്ങിയതിന്റെ ഇൻവോയിസ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 2,10,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 അങ്കണവാടി -അവലോകനം

കണ്ടല്ലൂർ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 26 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 14 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 12 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. 26 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യമുണ്ട്. 07 അങ്കണവാടികളിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഉണ്ട്. 13 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 26 അങ്കണവാടികളിലും വൈദ്യുതി സൗകര്യം ഉണ്ട്. 25 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാണ്. എല്ലാ അങ്കണവാടികളിലും അടുക്കളയ്ക്ക് പ്രത്യേകം മുറിയുണ്ട്. സെന്റർ നം.90, 99 എന്നിവക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുണ്ട് . എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷനും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ഫാൻ, ധാന്യസംഭരണികൾ എന്നിവ ലഭ്യമാണ്. 04 അങ്കണവാടികളിൽ ടെലിവിഷൻ ലഭ്യമാണ്. 08 അങ്കണവാടികളിൽ കമ്പ്യൂട്ടർ ലഭ്യമാണ്. എല്ലാ അങ്കണവാടികളും ഫിറ്റ്നെസ് ഉള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ ഭക്ഷ്യസംഭരണികൾ ലഭ്യമാണ്. മാതൃകാ അങ്കണവാടികൾ നിലവിലില്ല. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനും മറ്റ് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മുൻകൂർ അഡ്ജസ്റ്റ് ചെയ്തിട്ടില്ല - 5000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

ജീവനക്കാർക്ക് അനുവദിക്കുന്ന മുൻകൂറുകൾ മൂന്ന് മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ.(പി) 419/11 ഫിൻ /തീയതി 4.10.2011-ൽ വ്യവസ്ഥ ചെയ്യുന്നു. ചെക്ക് നം. 077785/31.12.22 പ്രകാരം 5000/- രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി തുക ചെലവഴിച്ച് ക്രമീകരണരേഖകൾ ഹാജരാക്കിയിട്ടില്ല. മുൻകൂർതുക തിരിച്ചടക്കുകയും ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/26.07.23-ന് മറുപടി നൽകിയിട്ടില്ല. മുൻകൂർ കൈപ്പറ്റിയ ശേഷം ക്രമീകരണരേഖകൾ ഹാജരാക്കാതിരുന്ന ജീവനക്കാരിൽ നിന്നും മുൻകൂർ തുക പലിശസഹിതം തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,99,994 | പാലിയേറ്റീവ് കെയർ | 2,99,994 | 0 |
| | | 8,83,257 | ലൈഫ് | 8,83,257 | 0 |
| | | 5,00,000 | ലൈഫ് | 5,00,000 | 0 |
| | | 4,25,910 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 4,25,910 | 0 |
| | | 3,00,000 | പാലിന് സബ്സിഡി | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,00,000 | പാലിന് സബ്സിഡി | 1,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 1,82,000 | ഇലക്ട്രിക് മുച്ചക്ര വാഹനം | 1,82,000 | 0 |
| | | 5,30,264 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 5,30,264 | 0 |
| | | 1,35,000 | അനുപൂരക പോഷകാഹാര പദ്ധതി | 1,35,000 | 0 |
| | | 1,78,770 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,78,770 | 0 |

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | ബിൽ നം.XVFC/22-23 /P/42/12.1.23 ബിൽ നം.XVFC/22-23 /P/44/16.1.23 | 16,83,264 | 0 | 16,83,264 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ വലിക്കലും | ബിൽ നം.0085046/1.12.22 | 78,915 | 78,915 | 0 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക (ഉറവിടത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | - | - | 2,18,52,000 | 22,32,529 | - | 1,96,19,471 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 11,400/-രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെപേരും ഉദ്യോഗപ്പേരും | രശീത് വൗച്ചർ നം.തീയതി |
|---|---|---|---|---|
| 2017-18 | 3-4 | 6,000 | ദീപ എം.ഡി. അസിസ്റ്റന്റ് സെക്രട്ടറി | 1220100042/12.04.2022 |
| 2020-21 | 1-12 | 1,500 | കണ്ടല്ലൂർ വടക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ126(ഡി)ആപ്കോസ് | 1220102961/23.02.2023 |
| 2020-21 | 1-12 | 900 | ക്ഷീരോൽപ്പാദക സഹകരണ സംഘം | 1220103066/03.03.2023 |
| 2020-21 | 1-12 | 1,500 | പുതിയവിള വടക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ67(ഡി) | 1220102905/20.02.2023 |
| 2020-21 | 1-12 | 900 | പുതിയവിള ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ52(ഡി) | 1220103087/04.03.2023 |

| | | | | |
|---|---|---|---|---|
| 2020-21 | 1-12 | 600 | കോമളത്ത് ഫിനാൻസ് | 1220102914/21.02.2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2(7) | 2007-08 | 03.01.2017 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായി ആവിഷ്കരിച്ച കമ്പ്യൂട്ടർ സെന്റർ പദ്ധതി | 25.02.2022-ൽ മറുപടി നൽകി. |
| 2004-05 | 2(9) | 2007-08 | 03.01.2018 | ക്വട്ടേഷൻ അംഗീകരിച്ച വ്യക്തിക്കല്ല കോഴികുഞ്ഞുങ്ങളുടെ സപ്ലൈ ഓർഡർ നൽകിയത്. | 25.02.2022-ൽ മറുപടി നൽകി. |
| 2004-05 | 2(14) | 2007-08 | 03.01.2019 | അടിസ്ഥാന സൌകര്യങ്ങൾ, ബാങ്ക് വായ്പ ഉറപ്പുവരുത്താതെ ആടുകളെ വാങ്ങി നൽകി | 25.02.2022-ൽ മറുപടി നൽകി. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,80,14,716 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,70,24,337 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 22,23,524 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5000/- | ഗീതു എസ്., അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | | 5000/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 16,83,264 | ശ്രീ.ആർ.ശ്രീരാജ്, സെക്രട്ടറി |
| 1-20 | 3,12,500 | ഡോ.ഷൈജു സി.എസ്., വെറ്ററിനറി സർജൻ |
| 1-23 | 17,760 | ഗീതു എസ്., അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-30 | 2,10,000 | ഡോ.നമിത എസ്., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 22,23,524 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീ.ആർ.ശ്രീരാജ്, | സെക്രട്ടറി, | മാണിയൻപ്പള്ളിൽ |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| സെക്രട്ടറി | കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | ഹൗസ്, മരുത്തൂർകുളങ്ങര സൗത്ത്, ആലുംകടവ് പി.ഒ., കരുനാഗപ്പള്ളി |
| ഡോ.നമിത എസ്., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | FFP !X പി.റ്റി.ചാക്കോ നഗർ മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം |
| ഡോ.ഷൈജു. സി.എസ്., വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | ചൂരക്കുഴിയിൽ ഹൌസ് ഹരിപ്പാട് |
| ശ്രീമതി ഗീതു എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനിയർ കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | ഗീതം പട്ടത്താനം, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | കെ.എസ്.എ-എ.എൽ.പി/പി12-1312/2022 തീയതി - 26.04.2023 ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 2000-01 | കെ.എസ്.എ-എ.എൽ.പി/പി12-1312/2022 തീയതി - 26.04.2023 ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1999-00 (ചെലവ്) | കെ.എസ്.എ-എ.എൽ.പി/പി12-1312/2022 തീയതി - 26.04.2023 ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 2000-01 മുതൽ 2004-05 വരെ | കെ.എസ്.എ-എ.എൽ.പി/പി12-1312/2022 തീയതി - 26.04.2023 ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 2006-07 മുതൽ 2009-10 വരെ | കെ.എസ്.എ-എ.എൽ.പി/പി12-1312/2022 തീയതി - 26.04.2023 ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 2010-11മുതൽ 2012-13 വരെ | കെ.എസ്.എ-എ.എൽ.പി/പി12-1312/2022 തീയതി - 26.04.2023 ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |

| | |
|---|---|
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി12-1312/2022 തീയതി - 26.04.2023 ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി12-1312/2022 തീയതി - 26.04.2023 ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി12-1312/2022 തീയതി - 26.04.2023 ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി12-1312/2022 തീയതി - 26.04.2023 ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി12-1312/2022 തീയതി - 26.04.2023 ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി12-529/2021 തീയതി : 30.06.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി12-653/2022 തീയതി : 03.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി12-218/2023 തീയതി : 23.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 7(1) dated 05-07-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kandalloor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kandalloor Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director(H.G)
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Kandalloor Grama Panchayat for the Year 2022-2023.

**1.Major Observations**

1) Statements such as Notes on accounts & Ratios on accounts are not submitted along with AFS as per accounting rules.

2) Since the Asset register maintained by the Local body is not value based,
the Asset Value Shown in Balance Sheet is not traceable with Asset Register.

**2.Other Observations**

3)DCB statements of property tax from Sanchaya &Profession Tax of the institutions are not reconciled with Annual financial statements.

4)Advance to implementing agencies for specific purposes booked as actual expenses without getting

utilisation certificate.

5) Arrears due to KWA were not included as liability in AFS.

6) No realtime demand generation for over source revenue such as Professional tax, Property Tax etc.

7) The following Registers are not maintained

a) Loan Register

b) Appropriation register for benefiaciary contribution

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്